SUNDAY 16.06.2024 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 16/06/2024

1. തൃശ്ശൂർ വെള്ളാനിക്കര കേരള കാർഷിക സർവകലാശാല, വിദ്യാർത്ഥികൾക്കായി വീഡിയോ ചിത്രീകരണ മത്സരം സംഘടിപ്പിക്കുന്നു. ജൂൺ 5 ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് അവസാന വർഷ ബിരുദ വിദ്യാർത്ഥികളുടെ എക്സ്പീരിയൻഷ്യൽ ലേണിങ് പ്രോഗ്രാമിന്റെ ഭാഗമായാണ് വീഡിയോ ചിത്രീകരണം മത്സരം സംഘടിപ്പിക്കുന്നത്. **ഭൂമിയുടെ അവകാശികൾ** എന്ന വിഷയത്തിൽ ഹയർസെക്കൻഡറി കോളേജ് വിദ്യാർത്ഥികൾക്കായാണ് മത്സരം സംഘടിപ്പിക്കുന്നത്. ഒരു മിനിറ്റ് ദൈർഘ്യമുള്ള വീഡിയോകളാണ് മത്സരത്തിനായി പരിഗണിക്കുക. വീഡിയോയുടെ സർഗാത്മകത സാങ്കേതിക നിലവാരം തുടങ്ങിയവയെ അടിസ്ഥാനമാക്കിയാണ് വിജയികളെ തിരഞ്ഞെടുക്കുന്നത്. എൻട്രികൾ ജൂൺ 20ന് മുമ്പായി archivesofelp2020@gmail.com എന്ന മെയിൽ ഐഡിയിലേക്ക് അയക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0487 -2370051 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. കണ്ണൂർ ജില്ലയിൽ ഫിഷറീസ് വകുപ്പ് 2024 -25 വർഷത്തിൽ കടൽ മേഖലയിൽ യാനങ്ങൾക്ക് നടപ്പാക്കുന്ന ഇൻഷൂറൻസ് പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. ഗുണഭോക്താക്കൾ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ളവരും മത്സ്യബന്ധനയാനത്തിന് രജിസ്ട്രേഷൻ, ലൈസൻസ് ഉള്ളവരുമായിരിക്കണം. അപേക്ഷ ഫോറം മത്സ്യഭവനുകളിൽ ലഭിക്കും. ജൂലൈ 10 വരെ അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ കണ്ണൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസുമായോ 0497 2731081 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

3. കേരളത്തിലെ കർഷകർക്ക് മികച്ചയിനം നെൽവിത്തുകൾ ലഭ്യമാക്കുന്നതിൽ തടസമില്ലെന്ന് കൃഷിവകുപ്പ്. വിരിപ്പ് സീസണിലേക്കായി മികച്ച ഗുണമേന്മയുള്ള

നെൽവിത്തുകൾ കൃഷിഭവനിലൂടെ വിതരണം ചെയ്യുന്നതിനുള്ള എല്ലാ തയ്യാറെടുപ്പുകളും പൂർത്തിയായി. കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി, സ്റ്റേറ്റ് സീഡ് ഫാമുകൾ, കാർഷിക സർവകലാശാല, നാഷണൽ സീഡ് കോർപ്പറേഷൻ ഉൾപ്പെടെയുള്ള വിവിധ സംസ്ഥാന സ്ഥാപനങ്ങളും ഈ വിതരണ പ്രക്രിയയിൽ സജീവമായി പങ്കുചേരുന്നു. ഉമ, ജ്യോതി, മട്ടത്രിവേണി, മനുരത്ന, കുഞ്ഞുകുഞ്ഞ് എന്നീ നെല്ലിനങ്ങളാണ് വിതരണത്തിനായി ഒരുക്കിയിരിക്കുന്നത്. സംസ്ഥാനത്തുടനീളം കർഷകർക്ക് ആവശ്യമുള്ള നെൽവിത്തുകൾ കൃഷിഭവനുകൾ മുഖേന എത്തിക്കാനുള്ള ക്രമീകരണങ്ങൾ കൃഷിവകുപ്പ് എടുത്തിട്ടുണ്ടെന്നും അധികാരികൾ അറിയിച്ചു.

## പരിശീലന പരിപാടി

4. കേരള കാർഷിക സർവകലാശാല ഇ-പഠന കേന്ദ്രം "**ഹൈടെക് കൃഷി**" എന്ന വിഷയത്തിൽ സൗജന്യ മാസീവ് ഓപ്പൺ ഓൺലൈൻ കോഴ്സ് (MOOC) സംഘടിപ്പിക്കുന്നു. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ജൂൺ 20. രജിസ്റ്റർ ചെയ്യുന്നതിനായി www.celkau.in എന്ന വെബ് സൈറ്റ് സന്ദർശിക്കുകയോ, celkau@gmail.in എന്ന ഇമെയിൽ വിലാസത്തിലോ 8547837256, 9497353389, 0487 2438567

5. മലപ്പുറം കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ക്ഷീര കർഷകർക്കായി ഏകദിന പരിശീലനം സംഘടിപ്പിക്കുന്നു. തദ്ദേശീയ ഭക്ഷ്യ വസ്തുക്കൾ കൂടുതലായി ആശ്രയിക്കുന്ന തീറ്റക്രമം വഴി ഉരുക്കൾക്ക് മെച്ചപ്പെട്ട ആരോഗ്യവും പാലുൽപാദനവും വർദ്ധിച്ച പ്രത്യുൽപാദനതോതും കൈവരിക്കുന്നതിനു കർഷകരെ പ്രാപ്തരാക്കുന്നതിനായാണ് പരിശീലനം. തവനൂർ കെ.സി.എ.ഇ.ടി ക്യാംപസിലാണ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

പരിശീലനം. 8547193685 എന്ന മൊബൈൽ ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യണം. പരിശീലന തീയതി കർഷകരെ നേരിട്ട് അറിയിക്കും. ഇ. മെയിൽ: kvkmalappuram@kau.in

6. മൃഗസംരക്ഷണവകുപ്പ് മുഖേന മലപ്പുറം ജില്ലയിൽ മൊബൈൽ വെറ്ററിനറി യൂണിറ്റ് സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി നിലമ്പൂർ ബ്ലോക്കിലേക്ക് കരാർ അടിസ്ഥാനത്തിൽ വെറ്ററിനറി സർജനെ നിയമിക്കുന്നു. ബി.വി.എസ്.സി ആന്റ് എ.എച്ച് യോഗ്യതയും വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷനുമുള്ളവർ 2024 ജൂൺ 19 ന് രാവിലെ 10.30 ന് ബയോഡാറ്റയും വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും സഹിതം സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാ മൃഗസംരക്ഷണ ഓഫിസിൽ അഭിമുഖത്തിനു ഹാജരാവണം. സെൻറർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് മുഖേന നിയമനം വരുന്നതുവരെയോ അല്ലെങ്കിൽ 90 ദിവസത്തേയ്ക്കോ ആയിരിക്കും നിയമനം. ഫോൺ 0483 2734917.

7. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് ജൂൺ 19 മുതൽ 21 വരെയുള്ള തീയതികളിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം